നമ്പർ /ഡി.എസ്.ജെ.ഓ/ഡി/5953/17 വിവരാവകാശ നിയമം 2005/

ജില്ലാ സാമൂഹ്യ നീതി
ഓഫീസറുടെകാര്യാലയം
പൂജപ്പുര 695012
ഫോൺ 0471-2343241
ഇ-
മെയിൽdswotvmswd@gmail.com
തീയതി: 19 /10/2017

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
തിരുവനന്തപുരം

ശിശു വികസന പദ്ധതി ഓഫീസർ
വെള്ളനാട്

സാർ,

വിഷയം : : സാമൂഹ്യനീതി വകുപ്പ്-ജില്ലാ സാമൂഹ്യനീതി ഓഫീസർ,തിരു -: വിവരാവകാശ നിയമം 2005 – ശ്രീ വെളിയന്നൂർ അജയകുമാർ സമർപ്പിച്ച വിവരാവകാശ അപ്പീൽ അപേക്ഷ -– സംബന്ധിച്ച്:

സൂചന : ( 1 ) ശ്രീ വെളിയന്നൂർ അജയകുമാർ 31/07/17 ൽ താങ്കൾക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷ.
( 2 ) ശ്രീ വെളിയന്നൂർ അജയകുമാർ 15/09/17 ൽ സമർപ്പിച്ച വിവരാവകാശ അപ്പീൽ അപേക്ഷ.

വിവരാവകാശ നിയമ പ്രകാരം ശ്രീ വെളിയന്നൂർ അജയകുമാർ താങ്കൾക്ക് സമർപ്പിച്ച സൂചന ( 1 ) ലെ വിവരാവകാശ അപേക്ഷയിൻ മേൽ തൃപ്തി കരമായ മറുപടി നൽകാത്തതിനാൽ വ്യക്തമായ മറുപടി ആവശ്യപ്പെട്ട് അപ്പീൽ അപേക്ഷ സൂചന ( 2 ) പ്രകാരം നൽകിയിരിക്കുന്നു .പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു .

ടി ചോദ്യങ്ങൾക്ക് വ്യക്തവും വിശദവു മായ മറുപടി നൽകുന്നതിന് ആവശ്യമായ മുഴുവൻ വിശദാംശങ്ങളും പകർപ്പ് സഹിതം 5 ദിവസത്തിനകം ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ് .വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷയായതിനാൽ ആവശ്യമായ എല്ലാ രേഖകളും നൽകണമെന്നും സമയക്ലിപ്തത പാലിക്കണമെന്നും അറിയിക്കുന്നു

വിശ്വസ്തതയോട്.

Bajan

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
തിരുവനന്തപുരം

നം. ICDS/VLNVD/597/17 തീയതി. 31.10.17

ശിശു വികസന പദ്ധതി ഓഫീസർ

വെള്ളനാട്

ജില്ലാ സാമൂഹ്യനീതി ഓഫീസർ

തിരുവനന്തപുരം.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ICDS Vellanad - ശ്രീ. വെള്ളിയന്നൂർ അജയകുമാർ സമർപ്പിച്ച വിവരാവകാശത്തിനുള്ള അപ്പീൽ അപേക്ഷ - മറുപടി സംബന്ധിച്ച്.

സൂചന: ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 19.10.17 ലെ DSJO/B/5953/17 -ാം നം. കത്ത്.

മേൽ സൂചന പ്രകാരം ശ്രീ. വെള്ളിയന്നൂർ അജയകുമാർ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അപേക്ഷയുടെ മറുപടി ഇതോടൊപ്പം മേൽ നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Child Development Project Officer
ICDS Vellanad

ഉള്ളടക്കം

1) വിവരാവകാശം മറുപടി
2) ചോദ്യ.നം. 9 - ചാർട്ട് ഉള്ളടക്കം ചെയ്യുന്നു.
3 ചോദ്യ.നം. 10 - "

നമ്പർ /ഡി.എസ്.ജെ.ഓ/ഡി 5953/17

<u>വിവരാവകാശ നിയമം 2005/മറുപടി</u>

ജില്ലാ സാമൂഹ്യ നീതി
ഓഫീസറുടെകാര്യാലയം
പൂജപ്പുര 695012
ഫോൺ 0471-2343241
**dswotvmswd@gmail.com**
തീയതി: 19 /10/2017

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
തിരുവനന്തപുരം

ശ്രീ വെളിയന്നൂർ അജയകുമാർ
മണക്കാല വീട്,
വെളിയന്നൂർ.പി.ഓ
വെള്ളനാട്
തിരുവനന്തപുരം -43

സർ,

വിഷയം : : സാമൂഹ്യനീതി വകുപ്പ്-ജില്ലാ സാമൂഹ്യനീതി ഓഫീസർ,തിരു -: വിവരാവകാശ നിയമം 2005 –ശ്രീ വെളിയന്നൂർഅജയകുമാർ സമർപ്പിച്ചവിവരാവകാശ അപ്പീൽ അപേക്ഷ– മറുപടി സംബന്ധിച്ച്:

സൂചന : (1) താങ്കൾ 15/09/17 ൽ ഈ കാര്യാലയത്തിൽ സമർപ്പിച്ച വിവരാവകാശഅപ്പീൽ അപേക്ഷ.
(2) ഈ കാര്യാലയത്തിലെ 19/10/2017 ലെ ഇതെ നംബർ കത്ത്
(3) വെള്ളനാട്ശിശുവികസനപദ്ധതിഓഫീസറുടെ 31/10/2017 ലെ ഐ. സി.ഡി.എസ്/ വെള്ളനാട്/ 517/17 നംബർ കത്ത്

താങ്കളുടെ സൂചന (1) ലെ വിവരാവകാശ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിശദാംശം ചുവടെ ചേർക്കുന്നു.

1) 

| <u>പേര്</u> | <u>തസ്തിക</u> | <u>ശമ്പളം</u> |
|---|---|---|
| • സഫീല ബീവി എസ്- | സി ഡി പി ഓ - | 58050 |
| • കലാവതി എം എസ് - | സൂപ്പർവൈസർ - | 44700 |
| • സുജാത എൻ - | സൂപ്പർവൈസർ - | 40800 |
| • ശാന്തിനി പി - | സൂപ്പർവൈസർ - | 27150 |
| • ഷഹനാസ്എ - | സൂപ്പർവൈസർ - | 27150 |
| • തുളസീധരൻ എസ് - | സെ .ഗ്രേ .ടൈപ്പിസ്റ്റ് - | 43600 |
| • ഗ്രെഷ്മ എസ് വിജയൻ - | സീനിയർ ക്ലർക്ക് - | 26500 |
| • നജീമ ബീവി - | സീനിയർ ക്ലർക്ക് - | 25850 |
| • ഉദയ കുമാർ - | ഓഫീസ് അറ്റൻഡന്റ് - | 23400 |
| • രാജേഷ് ആർ - | ഓഫീസ് അറ്റൻഡന്റ് - | 17500 |

2) <u>സേവനങ്ങളും പദ്ധതികളും.</u>

a). 6 വയസ്സിനു താഴെയുള്ള കുട്ടികൾക്കും , ഗർഭിണികൾ , മുലയൂട്ടുന്ന അമ്മമാർ, കൗ മാര പ്രായക്കാരായ പെൺകുട്ടികൾക്കും അനുപൂരക പോഷകാഹാര വിതരണം, വളർച്ച നിരീക്ഷണം ,ആരോഗ്യ പരിശോധനയും ,റഫറൽ സർവീസ് പ്രതിരോധ കുത്തി വയ്പ്പ്, മുതലായവ

b). ആരോഗ്യ പോഷണ വിദ്യാഭ്യസം

c)അനൗപചാരിക പ്രീ -പ്രൈമറി വിദ്യാഭ്യാസം 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക്.

d) കൗമാരക്കാരായ പെൺകുട്ടികൾക്കായി നടത്തുന്ന സൈക്കോ സോഷ്യൽ സർവീസ് സാമൂഹ്യ നീതി ഡയറക്റ്റർ അതാത് കാലയളവിൽ നിർദ്ദേശിക്കുന്ന മറ്റു സേവനങ്ങളും പദ്ധതികളും.

മേൽ വിവരിച്ച സേവനങ്ങളും പദ്ധതികളും 2015-16 , 2016-17 വർഷങ്ങളിൽ നടപ്പാക്കിയിരുന്നു.

3) തദ്ദേശ സ്വയം ഭരണ സ്ഥാപന വാർഡ് തലത്തിൽ 700 മുതൽ 1000 ജനസംഖ്യയ്ക്ക് ഒരു അംഗൻവാടി എന്ന ക്രമത്തിൽ അംഗൻവാടികൾ സ്ഥാപിക്കുന്നു. 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ ,ഗർഭിണികൾ ,പാലൂട്ടുന്ന അമ്മമാർ എന്നിവർ പദ്ധതി ഗുണ ഭോക്താക്കളാണെങ്കിലും ഇവരുടെ എണ്ണം നോക്കിയല്ല അംഗൻവാടികൾ പ്രവർത്തിക്കുന്നത്.ടി അംഗൻവാടി പരിധിയിലെ സേവനം ആവശ്യമുള്ള എല്ലാ ഗുണ ഭോക്താക്കൾക്കും സേവനം ഉറപ്പാക്കുന്നു .

4) ഒരു നിശ്ചിത കാലയളവ് കഴിഞ്ഞാൽ ജീവനക്കാരനെ നിർബന്ധമായും സ്ഥലം മാറ്റിയിരിക്കണമെന്നു വ്യവസ്ഥയില്ല. ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷയുടെയും, ഗവ:നടപടിക്രമങ്ങളുടെയും , സ്ഥലം മാറ്റ മാനദണ്ഡ പ്രകാരവും, സാമൂഹ്യ നീതി ഡയറക്റ്റർ സ്ഥലം മാറ്റം അനുവദിക്കുന്നു.

5) സർക്കാർ മാനദണ്ഡ പ്രകാരമല്ലാത് അംഗൻവാടി പ്രവർത്തിക്കുന്നില്ല . അതിനാൽ ഉപ ചോദ്യത്തിന് മറുപടിയില്ല .

6) സേവനടിസ്ഥാനത്തിലാണ് അംഗൻവാടി പ്രവർത്തിക്കുന്നത് . അംഗൻവാടി പ്രവർത്തനത്തിൽ ലാഭ നഷ്ട്ട കണക്കു നോക്കാറില്ല .

7) അംഗൻവാടി പ്രവർത്തനം വിലയിരുത്തുന്നത് ഐ സി ഡി എസ് സൂപ്പർവൈസറും സി ഡി പി ഓ യുമാണ് ,അംഗൻവാടി പ്രവർത്തനം എല്ലാ മാസങ്ങളിലും അവലോകനം ചെയ്യുന്നു .

8) സർക്കാർ മാനദണ്ഡ പ്രകാരമല്ലാത്തഅംഗൻവാടി പ്രവർത്തിക്കുന്നില്ല.

9) സാമൂഹ്യ നീതി ഡയറക്റ്ററുടെ 26/02/2016 ലെICDS/B4/23176/12 ഉത്തരവിലെ മാർഗ്ഗനിർദ്ദേശം പ്രകാരം അംഗൻവാടി വർക്കർ ഹെൽപ്പർ നിയമനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനടിസ്ഥാനത്തിൽ രൂപീകരിക്കുന്ന സെല ക്ഷൻ കമ്മിറ്റി നിയമനത്തിനായി സെലക്ട് ലിസ്റ്റു തയ്യാറാക്കുകയും, ശിശു വികസന പദ്ധതി ഓഫീസർ സാമൂഹ്യ നീതി ഡയറക്റ്ററുടെ 14/11/2016 ലെ ICDS/B4/4371/16 പരിപത്ര ത്തിലെ മുൻഗണന ക്രമം പാലിച്ചും സംവരണ തത്വം പാലിച്ചു നിയമനം നൽകുന്നു (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു )

10) ടി പ്രോജെക്റ്റിലെ സൂപ്പർവൈസർ മാരുടെ 2017 മാർച്ച് ,2017ജൂൺ 2017ജൂലൈ മാസങ്ങളിലെ മൂവ് മെന്റ് രെജിസ്റ്ററിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

11) അപാകത പരിഹരിച്ചു ഇതോടൊപ്പം മറുപടി നൽകുന്നു.

12) വെട്ടിത്തിരുത്തലുകൾ ഇല്ലാതെ മറുപടി അയക്കുന്നു.

വിശ്വസ്തതയോട്.

Raj...

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
തിരുവനന്തപുരം